(ഡി) സിലിണ്ടർ ഡെപ്പോസിറ്റ് ചാർജ് :

ഗാർഹികം	1250 രൂപ
വാണിജ്യം	1500 രൂപ
റഗുലേറ്റർ	150 രൂപ
ഇൻസ്റ്റലേഷൻ ഫീ	35 രൂപ
കൺസ്യൂമർ കാർഡ്	35 രൂപ
സുരക്ഷാ ട്യൂബ്	156 മുതൽ 170 രൂപ വരെ
ഇൻസ്പെക്ഷൻ ചാർജ് (സ്റ്റൗ ഉള്ളവർക്ക്)	200 രൂപ
റിഫീൽ	364.35 രൂപ മുതൽ 368.17 രൂപ വരെ

അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പെട്രോൾ പമ്പുകളുടെ പ്രവർത്തനം

121 (187) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പമ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്തെ എല്ലാ പെട്രോൾ പമ്പുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങളായ സൗജന്യ ടോയ്ലറ്റ്, കുടിവെള്ളം തുടങ്ങിയവയും, വാഹനങ്ങളുടെ ടയറുകളിൽ വായു നിറയ്ക്കുന്നതിനുള്ള സൗകര്യവും നിർബന്ധമായും സ്ഥാപിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതും ഏർപ്പെടുത്തിയവ പ്രവർത്തനക്ഷമമല്ലാത്തതുമായ പെട്രോൾ പമ്പുകളുടെ ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും

122 (188) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും വിലനിലവാരം നിയന്ത്രിക്കുവാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly